**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2260** **30-07-2021 - ൽ മറുപടിയ്ക്ക്**

**കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിയിൽ കാസർഗോഡ്, കണ്ണൂർ, ഇടുക്കി, വയനാട് തുടങ്ങിയ ജില്ലകളിൽ മതിയായ എണ്ണം ജീവനക്കാർ ഇല്ലാത്തതിനാൽ അവിടങ്ങളിലെ പ്രവർത്തനം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഫീൽഡ് തലത്തിലുള്ള ഓഫീസർമാരുടെ എണ്ണക്കുറവ് പരിഹരിക്കുന്നതിന് കേന്ദ്ര ഓഫീസുകളിൽ നിന്നും തസ്തിക ഷിഫ്റ്റ് ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഫീൽഡ് തലത്തിലുള്ള ഓഫീസർമാരുടെ എണ്ണക്കുറവ് പരിഹരിക്കുന്നതിനുള്ള അഭ്യർത്ഥനകൾ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് തസ്തിക ഷിഫ്റ്റ് ചെയ്യുന്ന കാര്യം ഉൾപ്പെടെ പരിശോധിക്കുന്നതാണ്. |
| (സി) | സെക്ഷൻ ഓഫീസ് മുതൽ എം.ഡി. വരെ കേരള വാട്ടർ അതോറിറ്റിയിൽ എത്ര തലങ്ങളിലാണ് ഓഫീസുകൾ ഉള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | സെക്ഷൻ ഓഫീസ് മുതൽ എം. ഡി വരെ കേരള വാട്ടർ അതോറിറ്റിയിൽ 6 തലങ്ങളിലുള്ള ഓഫീസുകളുണ്ട്. |
| (ഡി) | ഇക്കാരണത്താൽ, തീരുമാനം എടുക്കുന്നതിൽ കാലതാമസം ഒഴിവാക്കുവാൻ ഓഫീസ് തലങ്ങളുടെ എണ്ണം കുറക്കേണ്ടതാണെന്ന ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ഡി) | ഓഫീസ് തലങ്ങളുടെ എണ്ണം കുറയ്ക്കുന്നത് പരിശോധിക്കുന്നതിന് കൂടുതൽ പഠനങ്ങൾ ആവശ്യമാണ്. നിലവിൽ കേരള വാട്ടർ അതോറിറ്റിയിലെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചും അവയുടെ പുന ക്രമീകരണം സംബന്ധിച്ചുമുള്ള കേരള വാട്ടർ അതോറിറ്റിയുടെ നിർദേശത്തിന്മേൽ ഇത് സംബന്ധിച്ച് വിശദമായ ഒരു വർക്ക് സ്റ്റഡി, ഒരു പ്രൊഫഷണൽ ഏജൻസി മുഖേന നടത്തി സർക്കാരിൽ റിപ്പോർട്ട് സർപ്പിക്കുവാൻ 22/02/2020 ലെ WS- C2/174/2019-WRD നമ്പർ സർക്കാർ കത്തിലൂടെ കേരള വാട്ടർ അതോറിറ്റി എം. ഡി,യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ച ശേഷം ഇതിന്മേൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ